2026
JANUARY
28
WEDNESDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# കൊമാർസെം 2026: കൊച്ചിയിൽ അന്താരാഷ്ട്ര മാരിടൈം സെമിനാർ

**കൊച്ചി**: കൊച്ചി: ഇൻസ്റ്റിറ്റിയൂട്ട് ഓഫ് മറൈൻ എഞ്ചിനീയേഴ്സ് (ഇന്ത്യ)യും ഡയറക്ടറേറ്റ് ജനറൽ ഓഫ് ഷിപ്പിംഗുമായി(ഡിജി ഷിപ്പിങ്) ചേർന്ന് കൊമാർസെം2026 (കൊച്ചിൻ മറൈൻ സെമിനാർ) ജനുവരി 29, 30 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിക്കും.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നയരൂപകർ, വ്യവസായ പ്രമുഖർ, സാങ്കേതിക വിദഗ്ധർ, അക്കാദമീഷ്യന്മാർ, സമുദ്രമേഖലയിലെ പ്രൊഫഷണലുകൾ തുടങ്ങിയവർ സെമിനാറിൽ പങ്കെടുക്കും. 'മാരിടൈം ഇന്ത്യ നൂതനാശയങ്ങളും സഹകരണങ്ങളും' എന്നതാണ് ഈ വർഷത്തെ പ്രമേയം. ഇന്ത്യയെ ഒരു ആഗോള മാരിടൈം ശക്തിയായി മാറ്റുന്നതിനുള്ള നൂതന ആശയങ്ങളും സഹകരണ സാധ്യതകളും സെമിനാറിൽ ചർച്ച ചെയ്യും.

സമുദ്രമേഖലയിൽ നയങ്ങളും സാങ്കേതികവിദ്യയും വ്യവസായവും ഒരുമിച്ച് മുന്നോട്ട് പോകാൻ സഹായിക്കുന്ന ഒരു ആഗോള വേദിയാകും കൊമാർസെം 2026 എന്ന് കൊമാർസെം 2026 ചെയർമാൻ എസ്. കൃഷ്ണൻകുട്ടി പറഞ്ഞു.




നയപരിഷ്കാരങ്ങൾ, സുസ്ഥിര ലക്ഷ്യങ്ങൾ, സാങ്കേതിക പുരോഗതി എന്നിവയുടെ പശ്ചാത്തലത്തിൽ ഇന്ത്യയുടെ സമുദ്രമേഖല വലിയ മാറ്റങ്ങളിലൂടെ കടന്നുപോകുകയാണെന്നും ഈ മാറ്റങ്ങൾക്ക് വേഗം നൽകാൻ കൊമാർസെം 2026 സഹായകമാകുമെന്നും ഡിജി ഷിപ്പിംഗിലെ ചീഫ് സർവേയർ അജിത് കുമാർ സുകുമാരൻ പറഞ്ഞു.

ഇന്ത്യൻ ഷിപ്പിംഗ് മേഖലയെ ശക്തിപ്പെടുത്തുന്ന നയങ്ങളും നിയമങ്ങളും, ഷിപ്പിംഗ്, കപ്പൽനിർമാണം, അറ്റകുറ്റപ്പണി, കപ്പൽ റിസൈക്ലിംഗ് മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനം, കാർബൺ പുറം തള്ളൽ കുറയ്ക്കുന്നതിനുള്ള ഗ്രീൻ സാങ്കേതികവിദ്യകൾ, ബദൽ ഇന്ധനങ്ങൾ, ഡിജിറ്റലൈസേഷൻ, എഐ, സ്വയം പ്രവർത്തിക്കുന്ന സംവിധാനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പരിശീലനം, മാരിടൈം ക്ലസ്റ്ററുകളുടെ വികസനം, ലോജിസ്റ്റിക്സ്, സപ്ലൈ ചെയിൻ മെച്ചപ്പെടുത്തൽ തുടങ്ങിയവയാണ് പ്രധാന ചർച്ചാവിഷയങ്ങൾ മുതിർന്ന വ്യവസായ പ്രമുഖർ പങ്കെടുക്കുന്ന ഉദ്ഘാടന സെഷൻ, നാല് സാങ്കേതിക പ്രബന്ധ അവതരണ സെഷനുകൾ (ഒരു സെഷനിൽ നാല് പ്രബന്ധങ്ങൾ) നാല് ഉന്നതതല പാനൽ ചർച്ചാ സെഷനുകൾ, സമുദ്ര നവീകരണങ്ങൾ പ്രദർശിപ്പിക്കുന്ന വ്യവസായ പ്രദർശനങ്ങൾ, കൊച്ചി കായൽ നെറ്റ്‌വർക്കിംഗ് ക്രൂയിസ്, സമാപന സമ്മേളനം തുടങ്ങിയവയാണ് പ്രധാന ആകർഷണങ്ങൾ. ഇന്ത്യയുടെ സമുദ്രമേഖലയുടെ ഭാവി രൂപപ്പെടുത്തുന്നതിൽ കൊമാർസെം 2026 നിർണായക പങ്ക് വഹിക്കുമെന്ന് സംഘാടകർ അറിയിച്ചു.

# നദീ ടൂറിസം: 1,500 കോടിയിലധികം രൂപയുടെ പദ്ധതികൾക്ക് അംഗീകാരം

**കൊച്ചി:** ഇന്ത്യയിലെ ഉൾനാടൻ ജലഗതാഗത ശൃംഖല വികസിപ്പിക്കുക, പ്രധാന അടിസ്ഥാന സൗകര്യ നിക്ഷേപങ്ങൾക്ക് അംഗീകാരം നൽകുക, രാജ്യത്തെ നദികളുടെ പൂർണ്ണ സാമ്പത്തിക സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് കേന്ദ്രസംസ്ഥാന ഏകോപനം ശക്തിപ്പെടുത്തുക എന്നിവയെക്കുറിച്ചുള്ള സമഗ്രമായ ഒരു രൂപരേഖ സജ്ജമാക്കി ഉൾനാടൻ ജലഗതാഗത വികസന കൗൺസിലിന്റെ ( ഐഡബ്ല്യുഡിസി 3.0 ) മൂന്നാം യോഗം കൊച്ചിയിൽ അവസാനിച്ചു.

കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രി സർബാനന്ദ സോനോവാൾ അധ്യക്ഷത വഹിച്ച ഏകദിന യോഗത്തിൽ ഹിമാചൽ പ്രദേശ് ഉപമുഖ്യമന്ത്രി മുകേഷ് അഗ്നിഹോത്രി, ബീഹാർ ഗതാഗത മന്ത്രി ഷർവാൻ കുമാർ, നാഗാലാൻഡ് വൈദ്യുതി, പാർലമെന്ററി കാര്യ മന്ത്രി കെ. ജി. കെന്യെ, അരുണാചൽ പ്രദേശ് ഗ്രാമവികസന മന്ത്രി ഓജിംഗ് ടാസിങ്, ഉത്തർപ്രദേശ് ഗതാഗത മന്ത്രി ദയ ശങ്കർ സിംഗ്, പഞ്ചാബ് ജലവിഭവ മന്ത്രി ബരീന്ദർ കുമാർ ഗോയൽ എന്നിവരും പങ്കെടുത്തു. സുസ്ഥിരവും കാര്യക്ഷമവുമായ ലോജിസ്റ്റിക്സിന്റെ പ്രധാന സ്തംഭമായി ഉൾനാടൻ ജലഗതാഗതം ശക്തിപ്പെടുത്തുന്നതിനുള്ള ഇന്ത്യയുടെ യാത്രയിൽ ഈ യോഗം ഒരു സുപ്രധാന നാഴികക്കല്ലായി അടയാളപ്പെടുത്തി.

ഹരിത ഗതാഗം ത്വരിതപ്പെടുത്തുക, മൾട്ടിമോഡൽ ലോജിസ്റ്റിക്സ് ശക്തിപ്പെടുത്തുക, നദികളുടെ പശ്ചാത്തലത്തിലുള്ള സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുക എന്നിവ ലക്ഷ്യമിട്ട് ഐഡബ്ല്യുഡിസി യോഗം, 1,500 കോടിയിലധികം രൂപ മൂല്യമുള്ള പദ്ധതികൾക്ക് അംഗീകാരമായി. രാജ്യത്തുടനീളമുള്ള ക്രൂയിസ് ടൂറിസം സർക്യൂട്ടുകളുടെ വ്യാപനത്തെ പിന്തുണയ്ക്കുന്ന, കേരളം, ഗുജറാത്ത്, കർണാടക, ഒഡീഷ, തെലങ്കാന എന്നിവിടങ്ങളിലെ റിവർ ക്രൂയിസ് ജെട്ടികൾ ഉൾപ്പെടെ 150 കോടിയിലധികം രൂപ മൂല്യമുള്ള പദ്ധതികൾക്ക് തറക്കല്ലിട്ടു.

ഉൾനാടൻ ജലപാതകൾക്ക് ഏറെ സാധ്യതയുള്ള കേരളത്തിലെ വിശാലമായ കായൽ, കനാൽ ശൃംഖലയെ യോഗം സവിശേഷമായും ഉയർത്തിക്കാട്ടി. ഗുവാഹത്തി, വാരണാസി, പട്ന, തേജ്പൂർ, ദിബ്രുഗഡ് തുടങ്ങി 18 നഗരങ്ങളിൽ നഗര ജലഗതാഗതത്തിനായുള്ള സാധ്യതാ പഠനം നടത്തുന്നതിനായി ഉൾനാടൻ ജലപാത അതോറിട്ടി മുൻകയ്യെടുത്തിട്ടുണ്ടെന്നും യോഗം വ്യക്തമാക്കി.

ഉൾനാടൻ ജലഗതാഗതവും ലോജിസ്റ്റിക്സും ശക്തിപ്പെടുത്തുന്നതു ലക്ഷ്യമിട്ടുള്ള നിരവധി പ്രധാന പ്രഖ്യാപനങ്ങളിലൂടെ ഐഡബ്ലിയു ഡി സി 3.0ൽ കേരളം ഒരു പ്രധാന ശ്രദ്ധാകേന്ദ്രമായി ഉയർന്നുവന്നു. കേരളം ഉൾപ്പെടെയുള്ള മറ്റ് ദേശീയ ജലപാതകളുമായി ജൽ വാഹക് കാർഗോ പ്രൊമോഷൻ പദ്ധതി വികസിപ്പിക്കാൻ കേന്ദ്രം തീരുമാനിച്ചിട്ടുണ്ട്. ഉൾനാടൻ ജലപാതകൾ വഴിയുള്ള ചരക്ക് നീക്കത്തിന് ചെലവഴിക്കുന്ന മൊത്തം പ്രവർത്തന ചെലവിന്റെ 35 ശതമാനം വരെ തിരിച്ചടവ് വാഗ്ദാനം ചെയ്യുന്ന പദ്ധതിയാണിത്.

യാനങ്ങളുടെ നടത്തിപ്പിൽ ഗണ്യമായ ബിസിനസ് നേട്ടം കൈവരിക്കുന്നതിനായി, ഉൾനാടൻ ജലപാത അതോറിട്ടിയുടെയോ, ഇൻലാൻഡ് ആൻഡ് കോസ്റ്റൽ ഷിപ്പിംഗ് ലിമിറ്റഡിന്റേയോ കീഴിലുള്ളതല്ലാത്ത യാനങ്ങൾ വാടകയ്ക്കെടുക്കാൻ ചരക്കുടമകളെ ഈ പദ്ധതി പ്രാപ്തരാക്കുമെന്ന് മാധ്യമ പ്രവർത്തകരോട് സംസാരിച്ച കേന്ദ്ര മന്ത്രി പറഞ്ഞു. ബൾക്ക്, കണ്ടെയ്നറൈസ്ഡ് കാർഗോ കൈകാര്യം ചെയ്യുന്ന പ്രധാന ഷിപ്പിംഗ് കമ്പനികൾ, ചരക്ക് കൈമാറ്റക്കാർ, വ്യാപാര സ്ഥാപനങ്ങൾ, അസോസിയേഷനുകൾ എന്നിവയ്ക്ക് ഈ പ്രോത്സാഹന പദ്ധതി അനുയോജ്യമാണ്.

# വിഴിഞ്ഞത്ത് എത്തുന്നത് 16,000 കോടി രൂപയുടെ വികസനം

**തിരുവനന്തപുരം:** വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി നിർമാണ പ്രവർത്തനങ്ങൾ നേരത്തേ തന്നെ തുടങ്ങി. കഴിഞ്ഞ ദിവസം മുഖ്യമന്ത്രി പിണറായി വിജയനാണു രണ്ടാംഘട്ട വികസന പദ്ധതികൾ ഔപചാരികമായി ഉദ്ഘാടനം ചെയ്തത്. നേരത്തേ മാസ്റ്റർ പ്ലാൻ പ്രകാരം 9,700 കോടി രൂപയുടെ വികസനമാണു നിശ്ചയിച്ചിരുന്നത്. എന്നാൽ, ആകെ 16,000 കോടി രൂപയുടെ നിക്ഷേപം രണ്ടാം ഘട്ടത്തിൽ നടത്തുമെന്ന് അദാനി പോർട്സ് മാനേജിങ് ഡയറക്ടർ കരൺ അദാനി പ്രഖ്യാപിച്ചിട്ടുണ്ട്.

അദാനി ഗ്രൂപ്പിനു കീഴിൽ ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ നിക്ഷേപ പദ്ധതിയായി വിഴിഞ്ഞം തുറമുഖം മാറും. തുറമുഖത്തും തിരുവനന്തപുരം വിമാനത്താവളത്തിലും കൂടി ഏകദേശം 30,000 കോടി രൂപയുടെ നിക്ഷേപമാണ് അദാനി ഗ്രൂപ്പ് നടത്തുന്നത്.






# കീച്ചേരി തിരുക്കുടുംബ ദർശനത്തിരുനാൾ നൊവേന 28 മുതൽ

**കീച്ചേരി:** തിരുക്കുടുംബ ദേവാലയത്തിന്റെ ദർശനത്തിരുനാളിനോടനുബന്ധിച്ച് ജനുവരി 28 ബുധനാഴ്ച മുതൽ വൈകിട്ട് ആറു മണിക്ക് വി. കുർബാനയും നൊവേനയും നടക്കും. ഫാ. ടോണി മാണിക്കത്താൻ, ഫാ. ജോൺ പോൾ പുലിക്കോട്ടിൽ, ഫാ. ആന്റണി ഇരവിമംഗലം, ഫാ. റോബിൻ വാഴപ്പിള്ളി, ഫാ. ജോഷി വാസുപുരത്തുകാരൻ, ഫാ. ചാക്കോ കിലുക്കൻ, ഫാ. ബെർലിൻ ഇഞ്ചയ്ക്കപാലാട്ടി, ഫാ. ബെന്നി പാറേക്കാട്ടിൽ, ഫാ. അലക്സ് മേക്കാന്തുരുത്തിൽ തുടങ്ങിയവർ നേതൃത്വം നൽകും. തിരുക്കുടുംബത്തിന്റെ ദർശനത്തിരുനാളും വി. സെബാസ്ത്യനോസിന്റെ തിരുനാളും ഫെബ്രുവരി 6, 7, 8, 9 തിയ്യതികളിൽ നടക്കും.

# ധന്യൻ മാർ മാത്യു മാക്കീലിന്റെ 112–ാം ചരമ വാർഷികം ആചരിച്ചു

**കോട്ടയം:** ചങ്ങനാശേരി, കോട്ടയം വികാരിയാത്തുകളുടെ പ്രഥമ തദ്ദേശീയ വികാരി അപ്പസ്തോലിക്കയും കോട്ടയം വിസിറ്റേഷൻ സന്ന്യാസിനി സമൂഹത്തിന്റെ സ്ഥാപകനുമായ ധന്യൻ മാർ മാത്യു മാക്കീലിന്റെ ചരമവാർഷികം ആചരിച്ചു. ജനുവരി 18 മുതൽ 26വരെ ധന്യന്റെ കബറിടം സ്ഥിതി ചെയ്യുന്ന കോട്ടയം ഇടയ്ക്കാട്ട് സെന്റ് ജോർജ് ഫെറോനാ പള്ളിയിലായിരുന്നു ചടങ്ങുകൾ.

രാവിലെ 6.30നുള്ള ദിവ്യബലിയെത്തുടർന്ന് ദിവ്യകാരുണ്യാരാധന, ഉപ്പൂട്ടികവലയിൽനിന്നു പദയാത്ര, വിശുദ്ധ കുർബാന, വചന സന്ദേശം എന്നിവയും നടന്നു.

കർദിനാൾ മാർ ജോർജ് ആലഞ്ചേരി, മാർ ജോസഫ് പണ്ടാരശേരിയിൽ, മാർ ജോയി ആലപ്പാട്ട്, മാർ ജോസഫ് പെരുന്തോട്ടം , ഗീവർഗീസ് മാർ അപ്രേം, കോട്ടയം അതിരൂപതയിലെ നവ വൈദികർ, ഫാദർ ചെറിയാൻ തുണ്ടുപറമ്പിൽ സിഎംഐ, ഫാദർ തോമസ് ആനിമൂട്ടിൽ എന്നിവർ വിവിധ ദിവസങ്ങളിൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. ഇവരോടൊപ്പം യഥാക്രമം ഇടയ്ക്കാട്ട്, ചുങ്കം, കൈപ്പുഴ, ഉഴവൂർ, പിറവം, കിടങ്ങൂർ, കടുത്തുരുത്തി, മലങ്കര എന്നീ ഫൊറോനകളിലെ വൈദികരും സഹകാർമികരായിരുന്നു.

സമാപന ദിനമായ 26ന് രാവിലെ 11ന് കോട്ടയം അതിരൂപത ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട് വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഫാ. ജോസ് കുന്നുവെട്ടിയേൽ, ഫാ. ബിനോ ചേരിയിൽ, ഫാ. സൈമൺ പുല്ലാട്ട് എന്നിവർ സഹകാർമികരായിരുന്നു.

വിശുദ്ധിയുടെ പടവുകളിൽ ധന്യൻ മാർ മാക്കീൽ സ്വന്തമാക്കിയ മുന്നേറ്റം വിശ്വാസികൾക്കു മുന്നിൽ ഒരു വെല്ലുവിളി ഉയർത്തുന്നുണ്ടെന്നും കാരുണ്യ പ്രവൃത്തികളിലൂടെ നമുക്കും വിശുദ്ധിയിൽ വളരാൻ സാധിക്കുമെന്നും സന്ദേശത്തിൽ മാർ മൂലക്കാട്ട് ഓർമപ്പെടുത്തി. ഒൻപതു ദിവസം നീണ്ട അനുസ്മരണ ശുശ്രൂഷകളിൽ അതിരൂപതാംഗങ്ങൾക്കു പുറമേ നാനാജാതി മതസ്ഥരും പങ്കെടുത്തു.

# മാർവാഡി സർവകലാശാല പ്രദർശനം സംഘടിപ്പിച്ചു

**കൊച്ചി:** കേന്ദ്ര സർക്കാരിൻറെ ശാസ്ത്ര സാങ്കേതികവിദ്യാ വകുപ്പുമായി ചേർന്ന് മാർവാഡി സർവകലാശാല രാജ്കോട്ടിൽ യുവാക്കളുടെ കണ്ടെത്തലുകൾ പ്രോൽസാഹിപ്പിക്കാനായുള്ള പ്രദർശനം സംഘടിപ്പിച്ചു. പുതുമകൾ കണ്ടെത്തൽ, ക്രിയാത്മകത, ശാസ്ത്രീയ ചിന്ത എന്നിവ സ്ക്കൂൾ വിദ്യാഭ്യാസ കാലം മുതൽ തന്നെ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുക എന്നീ ലക്ഷ്യങ്ങളുമായാണ് പ്രദർശനം സംഘടിപ്പിച്ചത്.

രാജ്കോട്ട്, മോർബി, ഗൊണ്ടൽ എന്നീ മേഖലകളിൽ നിന്നായുള്ള 25 സക്കൂളുകളിലെ 269 വിദ്യാർത്ഥികൾ പങ്കെടുത്തു. 140 പുതുമയുള്ള പദ്ധതികളാണ് ഇവിടെ അവതരിപ്പിച്ചത്.

# മികവുത്സവം: ജില്ലയിൽ പരീക്ഷ എഴുതിയത് 3346 പഠിതാക്കൾ

**തിരുവനന്തപുരം:** സാക്ഷരതാ മിഷന്റെ മികവുത്സവം പരീക്ഷയിൽ 3346 പഠിതാക്കൾ പരീക്ഷയെഴുതി. പരീക്ഷയുടെ ചോദ്യപേപ്പർ വിതരണ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. പ്രിയദർശനി ഉദ്ഘാടനം നിർവഹിച്ചു.

പൂജപ്പുര സെൻട്രൽ ജയിലിൽ നിന്നും അട്ടക്കുളങ്ങര വനിതാ ജയിലിൽ നിന്നുമുള്ള പഠിതാക്കളും പദ്ധതിയുടെ ഭാഗമായി സാക്ഷരതാപരീക്ഷ എഴുതി. തിരുപുറം പഞ്ചായത്തിലാണ് ഏറ്റവുമധികം ആളുകൾ പരീക്ഷ എഴുതിയത്. പഴയകുന്നുമ്മൽ പഞ്ചായത്തിൽ നിന്നും പരീക്ഷ എഴുതിയ 95 വയസ്സുള്ള ഗോമതി എന്ന പഠിതാവാണ് ജില്ലയിലെ പ്രായം കൂടിയ പഠിതാവ്.

സാക്ഷരതാപരീക്ഷ വിജയികളാകുന്നവർക്ക് നാലാം തുല്യതാ ക്ലാസിലേക്കുള്ള തുടർ പഠനത്തിനും അവസരം ലഭിക്കുന്നതാണ്.



# ഭവൻസ് മുൻഷി വിദ്യാശ്രം: രജതജൂബിലിയുടെ പരിസമാപ്തിയും വാർഷികാഘോഷവും

**തൃപ്പൂണിത്തുറ:** വിദ്യാഭ്യാസ മേഖലയിൽ ഭവൻസ് മുൻഷി വിദ്യാശ്രം ഇരുപത്തിയഞ്ച് വർഷം പൂർത്തിയാക്കിയിരിക്കുകയാണ്.

ഒരു വർഷം നീണ്ടു നിന്ന രജത ജൂബിലി ആഘോഷത്തിന്റെ സമാപനവും സ്കൂൾ വാർഷികാഘോഷവും ജനുവരി 23 വെള്ളിയാഴ്ച ഉച്ച കഴിഞ്ഞ് മൂന്നു മണിക്ക് സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു.

മുഖ്യാതിഥിയായ ആസ്റ്റർ മെഡിസിറ്റി സീനിയർ ന്യൂറോളജിസ്റ്റ് ഡോ. മാത്യു എബ്രഹാം ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം നിർവഹിച്ചു. ഭാരതീയ വിദ്യാഭവന്റെ സ്ഥാപകൻ, സ്വാതന്ത്ര്യ സമര സേനാനി, പ്രകൃതി സ്നേഹി, എഴുത്തുകാരൻ തുടങ്ങി വിവിധ മേഖലകളിൽ തിളങ്ങിയ കുലപതി ഡോ. കെ എം മുൻഷിയുടെ കാലാതിവർത്തിയായ ആദർശങ്ങൾ ഉൾക്കൊള്ളിച്ച് 'ആധാരം ച ഗതിം ച' എന്ന പരിപാടി അരങ്ങേറി.

വൈസ് പ്രിൻസിപ്പൽ ശ്രീമതി ലിജി പി പ്രസാദ് സ്വാഗതം പറഞ്ഞു. ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്രം ചെയർമാൻ സി എ വേണുഗോപാൽ സി ഗോവിന്ദ്, ഡയറക്ടർ ശ്രീ ഇ രാമൻ കുട്ടി, പ്രിൻസിപ്പൽ ശ്രീമതി ലത എസ്, പി റ്റി എ പ്രസിഡന്റ് ശ്രീ പ്രജീഷ് പണിക്കർ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. വൈസ് പ്രിൻസിപ്പൽ ശ്രീമതി രമ്യ ദാസ് നന്ദി പ്രകാശനം നടത്തി.

# ഭരണഘടന ഇന്ത്യൻ ജനതയുടെ അതിജീവനത്തിന്റെയും തുല്യനീതിയുടെയും പ്രകടന പത്രികയാണെന്ന് മന്ത്രി എ.കെ ശശീന്ദ്രൻ

**കാസർകോട്:** അംബേദ്കറുടെ നേതൃത്വത്തിൽ രൂപപ്പെടുത്തിയ നമ്മുടെ ഭരണഘടന വെറും ഒരു പുസ്തകമല്ല, മറിച്ച് ദശലക്ഷക്കണക്കിന് വരുന്ന ജനതയുടെ അതിജീവനത്തിന്റെയും തുല്യനീതിയുടെയും പ്രകടന പത്രികയാണെന്ന് വനം വന്യജീവി വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ പറഞ്ഞു. വിദ്യാനഗറിലെ കാസർകോട് മുനിസിപ്പൽ സ്റ്റേഡിയത്തിൽ പതാക ഉയർത്തിയ ശേഷം റിപ്പബ്ലിക് ദിന സന്ദേശം നൽകുകയായിരുന്നു മന്ത്രി.

നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന ശിലകളിലൊന്നാണ് ഫെഡറലിസം. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള അധികാരവിഭജനവും പരസ്പര ബഹുമാനവും ഇതിന്റെ കാതലാണ്. ഇന്ത്യൻ ഫെഡറലിസം നമ്മുടെ വൈവിധ്യങ്ങളെ ഒന്നാക്കി നിർത്തുന്ന രാഷ്ട്രീയ സാമൂഹിക കരാറാണ്. എന്നാൽ ദൗർഭാഗ്യകരമെന്ന് പറയട്ടെ നമ്മുടെ ഫെഡറൽ സംവിധാനം വലിയ വെല്ലുവിളികൾ നേരിട്ടുകയാണ്. സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങളിൽ കടന്ന് കയറാനും അർഹമായ സാമ്പത്തിക വിഹിതം നിഷേധിക്കാനുമുള്ള ശ്രമങ്ങൾ ഫെഡറൽ സംവിധാനത്തിന്റെ തകർച്ചക്ക് കാരണമാകും. ശക്തമായ സംസ്ഥാനങ്ങളും ശക്തമായ കേന്ദ്രവുമെന്ന ആശയം പ്രാവർത്തികമായാൽ മാത്രമെ ഒരു ഫെഡറൽ റിപ്പബ്ലിക്ക് എന്ന ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുകയുള്ളൂ. എന്നാൽ ഇത് തകർക്കപ്പെടുന്ന നിരവധി അനുഭവങ്ങൾ നമ്മുടെ നാട്ടിൽ കാണപ്പെടുന്നു എന്നുള്ളത് ആശങ്കയുളവാക്കുന്നു.

അക്രമകാരികളായ വന്യമൃഗങ്ങളെ കൊല്ലുന്നതുമായി ബന്ധപ്പെട്ട് കേരളനിയമ സഭ കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള ബില്ല്പാസാക്കി അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതേവരെ അതിന് അനുമതി ലഭ്യമായിട്ടില്ല എന്ന വസ്തുതയും മന്ത്രി എടുത്ത് കാട്ടി.

നമ്മുടെ സംസ്ഥാനം സാമൂഹ്യ വികസന സൂചികകളുടെയും ആരോഗ്യ വിദ്യാദ്യാസ രംഗത്തിന്റെയും കാര്യത്തിൽ രാജ്യത്തിന് തന്നെ മാതൃകയായ നാടാണ്. കേരളം അതിദരിദ്രരില്ലാത്ത സംസ്ഥാനമായി മാറിയ സാഹചര്യത്തിലാണ് ഈ റിപ്പബ്ലിക്ക് ദിനം കടന്നുവരുന്നത്. കേരളത്തിന്റെ വികസന കുതിപ്പിന് വേഗത കൂട്ടാൻ ആവശ്യമായ ഇടപെടലുകൾ ബന്ധപ്പെട്ടവരുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതുണ്ടെന്ന് മന്ത്രി പറഞ്ഞു. ആഗോള തലത്തിൽ ജാതി മതാടിസ്ഥാനത്തിലുള്ള സംഘർഷങ്ങൾ വർദ്ധിച്ചുവരികയാണ്. മനുഷ്യരെ വിഭജിക്കാനും അധികാരം ഉറപ്പിക്കാനും രാഷ്ട്രീയ നേട്ടങ്ങൾ കൊയ്യാനും മതവും, ജാതിയും, വർഗ്ഗീയതയും ആയുധമാക്കുന്ന പ്രവണതകൾ ലോകമെമ്പാടും വർധിച്ചുവരികയാണ്. ഇന്ത്യപോലുള്ള ഒരു ബഹുസ്വര സമൂഹത്തിന് ഇത് വലിയ ഭീഷണിയാകുമെന്ന് നാം ഓർക്കേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

കേരളത്തിന്റെ വടക്കെ അറ്റത്തെ ജില്ലയായ കാസർകോട് സപ്തഭാഷ സംഗമഭൂമിയാണ്. ഭാഷകളാൽ സമ്പന്നമാണ് ഈ ജില്ല. 12 നദികൾ ജില്ലയുടെ മനോഹാരിത കൂട്ടുന്നു. യക്ഷഗാനം, തെയ്യം, പൂരക്കളി, ഒപ്പന, ദഫ്മുട്ട് തുടങ്ങിയ കലാരൂപങ്ങളുടെ കേന്ദ്രവും കൂടിയാണ് ഈ ജില്ല. ഇന്ത്യയിൽ ഔദ്യോഗിക പുഷ്പവും പക്ഷിയും വൃക്ഷവും പ്രഖ്യാപിച്ച ജില്ല കൂടിയാണിത്. കാസർകോട് ജില്ലയിൽ കാണുന്ന ഈ വൈവിധ്യം നമ്മുടെ രാജ്യത്തിന്റെ ബഹുസ്വരത പ്രതീകമാണ്. ഇത് സംരക്ഷിക്കാൻ നമ്മുടെ ഫെഡറൽ സംവിധാനത്തിന് കരുത്ത് പകരേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

# റിപ്പബ്ലിക് ദിനം ആഘോഷിച്ചു

**തൃശ്ശൂർ:** മതത്തിനും ജാതിക്കും വർഗ്ഗീയ നിലപാടുകൾക്കും അതീതമായ മതനിരപേക്ഷ മനസ്സാണ് ഇന്ത്യയുടെ സൗന്ദര്യമെന്ന് റവന്യൂ, ഭവന നിർമാണ വകുപ്പ് മന്ത്രി കെ രാജൻ. തൃശൂർ തേക്കിൻക്കാട് മൈതാനിയിലെ വിദ്യാർഥി കോർണറിൽ 77 മത് റിപ്പബ്ലിക് ദിനാഘോഷ പരിപാടിയിൽ പതാക ഉയർത്തി അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ഇന്ത്യയുടെ മതേതര മനസ്സിനെ മുറിപ്പെടുത്തുന്ന ശ്രമങ്ങൾ രാജ്യത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ഉയർന്നുവരുന്നുണ്ടെന്നും, മനുഷ്യരെ തമ്മിലകറ്റുന്ന ഭിന്നിപ്പുകളെ മതനിരപേക്ഷ മനസ്സുകളുടെ ഒന്നിപ്പിന്റെ ശക്തികൊണ്ട് ചെറുക്കാൻ കഴിയണമെന്നും മന്ത്രി പറഞ്ഞു. കേരളീയർ എന്ന നിലയിൽ നമുക്ക് അഭിമാനത്തോടെ പറയാൻ കഴിയും, കഴിഞ്ഞ ഒരു ദശകത്തിനിടെ കേരളത്തിൽ ഏതെങ്കിലും പ്രദേശത്ത് ഒരു വർഗ്ഗീയ ലഹള പോലും ഉണ്ടായിട്ടില്ല. ഉണ്ടാകാൻ നാം അനുവദിച്ചിട്ടില്ല. അതാണ് നമ്മുടെ മതനിരപേക്ഷ നിലപാട്.

ജനാധിപത്യ പ്രക്രിയയിലൂടെ തെരഞ്ഞെടുക്കപ്പെട്ടവരുടെ ആദ്യത്തെയും അവസാനത്തെയും പരിഗണന പൗരസമൂഹത്തിലെ ഏറ്റവും അടിത്തട്ടിൽ കിടക്കുന്ന മനുഷ്യരുടെ ഉന്നമനമാണ്. ഭരണഘടനയെ മുറുകെപ്പിടിച്ചുകൊണ്ട് പ്രതിസന്ധികളെ തരണംചെയ്ത് മുന്നോട്ട് പോകണം. നമുക്ക് സ്വാതന്ത്ര്യവും പരമാധികാരവും നേടിത്തന്ന മഹാത്മാക്കളുടെ പാത പിന്തുടർന്ന് സത്യത്തിനും നീതിക്കും ജനാധിപത്യത്തിനും മതേതരത്വത്തിനും വേണ്ടി മുന്നോട്ടുപോകാൻ നമുക്ക് കഴിയണം.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകൾ സ്വതന്ത്ര ഹെൽത്ത്കെയർ പ്രൊഫഷണലുകൾ




എറണാകുളത്തു നടന്ന പത്രസമ്മേളനത്തിൽ മാധ്യമങ്ങളുമായി സംസാരിക്കുന്ന ഓൾ ഇന്ത്യ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷൻ പ്രസിഡന്റ് ഡോ. പങ്കജ് ബാജ്പേയി. ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി, ഡോ. മേരി ഫിലിപ്പ് സമീപം.

**കൊച്ചി:** ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകൾ ആരോഗ്യകേന്ദ്രങ്ങളിലെ കേവലം 'സഹായികൾ' മാത്രമല്ലെന്നും നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷൻസിന്റെ (എൻ.സി. എച്ച്. എ. പി) ചട്ടക്കൂടിന് കീഴിലുള്ള സ്വതന്ത്ര 'ഹെൽത്ത് കെയർ പ്രൊഫഷണലുകൾ' ആണെന്നുമുള്ള കേരള ഹൈക്കോടതി വിധിയെ സ്വാഗതം ചെയ്യുന്നുവെന്ന് ഓൾ ഇന്ത്യ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷൻ പ്രസിഡന്റ് ഡോ. പങ്കജ് ബാജ്പേയി, സെക്രട്ടറി ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി, കേരള ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷൻ പ്രസിഡന്റ് ഡോ. മേരി ഫിലിപ്പ് പറഞ്ഞു. രോഗത്തിന്റെ തുടക്കത്തിൽ തന്നെയുള്ള വിദഗ്ധ രോഗീപരിചരണവും ആരോഗ്യപരിചരണ കേന്ദ്രങ്ങളുടെയും വൻതോതിലുള്ള വിപുലീകരണത്തിന് ഈ ഉത്തരവ് വഴിതെളിക്കും.

ഓട്ടിസം, സ്ട്രോക്ക്, എഡിഎച്ച്ഡി, അൾഷിമേഴ്സ് ഉൾപ്പെടെ കുട്ടികളിലും മുതിർന്നവരിലും കണ്ടുവരുന്ന വിവിധ ശാരീരികമാനസിക രോഗാവസ്ഥകൾക്കും വളർച്ചാപ്രശ്നങ്ങൾക്കുമുള്ള ചികിത്സാരംഗത്ത് കാര്യക്ഷമമായ മാറ്റങ്ങൾക്കും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും കാരണമാകുമെന്നും അസോസിയേഷൻ ഭാരവാഹികൾ പറഞ്ഞു.

ചികിത്സാ പദ്ധതികൾ സ്വതന്ത്രമായി തീരുമാനിക്കാനും നടപ്പിലാക്കാനും തെറാപ്പിസ്റ്റുകൾക്ക് ഇപ്പോൾ നിയമപരമായ അധികാരമുണ്ട്. ഇത് ഓട്ടിസം പോലുള്ള രോഗാവസ്ഥകൾക്കുള്ള ചികിത്സാ രീതികളെ കൂടുതൽ ശക്തിപ്പെടുത്തുകയും രോഗികൾക്കും അവരുടെ കുടുംബങ്ങൾക്കും തെറാപ്പി സെന്ററുകളുടെയും ഏർലി ഇന്റർവെൻഷൻ സെന്ററുകളുടെയും സേവനം കൂടുതൽ എളുപ്പത്തിൽ ലഭ്യമാക്കുകയും ചെയ്യുമെന്നും ഭാരവാഹികൾ പറഞ്ഞു. ഗ്രാമപ്രദേശങ്ങളിലും ചികിത്സാ സൗകര്യങ്ങൾ കുറവുള്ള ഇടങ്ങളിലും കൂടുതൽ പുനരധിവാസ കേന്ദ്രങ്ങളും സ്വകാര്യ ക്ലിനിക്കുകളും സ്ഥാപിക്കാൻ പ്രോത്സാഹനമേകും.

രാജ്യാന്തര മാനദണ്ഡങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസ രീതികൾ ഏകീകരിക്കുന്നതിലൂടെ ഇന്ത്യൻ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകൾക്ക് ആഗോളതലത്തിൽ അംഗീകാരവും തൊഴിൽ മേഖലയിൽ മികച്ച മുന്നേറ്റവും കൈവരിക്കാൻ സാധിക്കുമെന്നും ഭാരവാഹികൾ പറഞ്ഞു.

# കിറ്റെക്സ് ഗാർമെന്റ്സിനെതിരെ വ്യാജ വാർത്ത : നിയമ നടപടി സ്വീകരിക്കുമെന്ന് സാബു എം. ജേക്കബ്



**കിഴക്കമ്പലം:** കിറ്റെക്സ് ഗാർമെൻസിനെ തകർക്കുകയെന്ന ലക്ഷ്യത്തോടെ വ്യാജ വാർത്ത സംപ്രേഷണം ചെയ്ത റിപ്പോർട്ടർ ടിവിക്കെതിരെ നിയമ നടപടി സ്വീകരിക്കുമെന്ന് കിറ്റെക്സ് ഗാർമെന്റ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സാബു എം.ജേക്കബ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. രാഷ്ട്രീയ വൈരത്തിന്റെ പേരിൽ പതിനായിരത്തിൽ പരം ആളുകൾ ജോലിചെയ്യുന്ന കുട്ടികളുടെ വസ്ത്ര നിർമ്മാണ രംഗത്തെ ലോകത്തെ തന്നെ ഏറ്റവും വലിയ രണ്ടാമത്തെ കമ്പനിയായ കിറ്റെക്സിനെ തകർക്കാൻ ശ്രമിക്കുന്നതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണിത്. കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ പ്രസിഡന്റായിട്ടുള്ള ട്വന്റി20 പാർട്ടി കഴിഞ്ഞ ദിവസം പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സാന്നിധ്യത്തിൽ എൻഡിഎയുടെ ഘടക കക്ഷിയായി. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ അന്വേഷണത്തിൽ നിന്നും രക്ഷപെടാനായാണ് ട്വന്റി20 പാർട്ടി എൻഡിഎയുടെ ഘടക കക്ഷിയായതെന്നാണ് റിപ്പോർട്ടർ ചനൽ വ്യാജ വാർത്ത സംപ്രേഷണം ചെയ്തത്.

രജിസ്ട്രാർ ഓഫ് കമ്പനീസിന്റെയും, സെബിയുടെയും മേൽനോട്ടത്തിൽ കഴിഞ്ഞ 33 വർഷമായി കിഴക്കമ്പലത്ത് പ്രവർത്തിച്ചുവരുന്ന പബ്ലിക് ലിമിറ്റഡ് കമ്പനിയായ കിറ്റെക്സിന് നാളിതുവരെ നിയമ ലംഘനത്തിന്റെ പേരിൽ യാതൊരു പിഴയോ, നിയമ നടപടികളോ നേരിടേണ്ടി വന്നിട്ടില്ല. നൂറുശതമാനം അമേരിക്കയിലേയ്ക്ക് മാത്രം കയറ്റുമതി നടത്തുന്ന കിറ്റെക്സിന്റെ ഓഡിറ്റ് റിപ്പോർട്ട് കമ്പനി നിയപ്രകാരം എല്ലാ മൂന്നുമാസം കൂടുമ്പോഴും പ്രസിദ്ധപ്പെടുത്താറുണ്ട്. ജിഎസ്ടി, ഇൻകം ടാക്സ്, ഫോറിൻ ട്രേഡ് ഡിപ്പാർട്ട്മെന്റ്, കസ്റ്റംസ്, ഡയറക്ടറേറ്റ് ഓഫ് എൻഫോസ്മെന്റ് തുടങ്ങിയ വിവിധ ഏജൻസികൾക്ക് മുന്നിൽ സമർപ്പിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും കാര്യങ്ങളിൽ കൂടുതൽ വ്യക്തത വേണമെങ്കിൽ അത് ആവശ്യപ്പെട്ട് നോട്ടീസ് അയക്കുക പതിവ് നടപടി ക്രമമാണ്. നിയമ പ്രകാരം കമ്പനി മാനേജിംഗ് ഡയറക്ടറുടെ പേരിൽ വരുന്ന നോട്ടീസിന് അതാത് വകുപ്പുകളിലെ ഉദ്യോഗസ്ഥരാണ് മറുപടി നൽകുക. ഇപ്രകാരമുള്ള കത്തിടപാടുകൾ പലപ്പോഴും മാനേജിംഗ് ഡയറക്ടർ അറിയാറുപോലുമില്ല. വസ്തുത ഇതായിരിക്കെ വ്യാജ വാർത്ത ചമച്ച റിപ്പോർട്ടർ ടിവിക്കെതിരെ ബ്രോഡ്കാസ്റ്റിംഗ് മിനിസ്ട്രിക്ക് പരാതി നൽകുമെന്നും, ഒപ്പം നിയമ നടപടികൾ സ്വീകരിക്കുമെന്നും സാബു എം. ജേക്കബ് പറഞ്ഞു. കേന്ദ്രഏജൻസികളുടെ പ്രവർത്തന വിവരങ്ങൾ ചോർത്തി വ്യാജവാർത്തകൾ സൃഷ്ടിക്കുന്നതിന് കൂട്ടുനിൽക്കുന്ന കളങ്കിത ഉദ്യോഗസ്ഥർക്കെതിരെ കേന്ദ്ര ആഭ്യന്തര മന്ത്രാലത്തിനും പരാതി നൽകുമെന്നും സാബു ജേക്കബ് പറഞ്ഞു.

## വ്യാജ വാർത്ത ചമച്ചത്

### ഉദ്ദിഷ്ട കാര്യത്തിന് ഉപകാര സ്മരണയായി

**കിഴക്കമ്പലം:** കിറ്റെക്സ് ഗാർമെൻസിനെതിരെ വ്യാജ വാർത്ത ചമയ്ക്കാൻ റിപ്പോർട്ടർ ടിവിയെ പ്രേരിപ്പിച്ചത് മുട്ടിൽ മരം മുറി ഉൾപ്പെടെ അനേകം ക്രിമനൽ കേസുകളിൽ പ്രതികളായ റിപ്പോർട്ടർ ടിവി ഉടമകളെ ജയിലിൽ നിന്നും പിണറായി സർക്കാർ മോചിപ്പിച്ചതിന്റെ ഉപകാര സ്മരണയാണെന്ന് കിറ്റെക്സ് മാനേജിംഗ് ഡയറക്ടർ സാബു എം. ജേക്കബ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. മാങ്കോഫോൺ, മുട്ടിൽ മരം മുറി കേസ്, ഫുട്ബോൾ ഇതിഹാസം ലേണൽ മെസിയെ കേരളത്തിൽ എത്തിക്കുമെന്ന് പറഞ്ഞ് കേരളത്തിലെ യുവാക്കളെ വഞ്ചിച്ച ചാനൽ ഉടമകളെ പിണറായി വിജയൻ സർക്കാർ സംരക്ഷിക്കുകയാണ്. ട്വന്റി20 പാർട്ടി എൻഡിഎയുടെ ഘടക കക്ഷിയായതോടെ മൂന്നാം വട്ടം അധികാരത്തിലെത്തുക എന്ന പിണറായി വിജയന്റെ സ്വപ്നവും, അടുത്ത തിരഞ്ഞെടുപ്പിൽ അധികാരത്തിലെത്താമെന്ന കോൺഗ്രിന്റെ വിജയ പ്രതീക്ഷയും നടക്കാതെ വരുമെന്ന ആശങ്കയുമാണ് വ്യാജ വാർത്തകൾ സൃഷ്ടിക്കാൻ കാരണമെന്നും സാബു ജേക്കബ് പറഞ്ഞു.

# ജനങ്ങളിലേക്ക് അധികാരം എത്തണം:പി രാജീവ്

**കൊച്ചി:** ഭരണഘടനയുടെ ജീവൻ നിലനിൽക്കുന്നത് അതിന്റെ കൃത്യമായ പ്രയോഗത്തിലാണ്. അധികാരം വ്യക്തികളിലല്ല, ജനങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. കാക്കനാട് പരേഡ് ഗ്രൗണ്ടിൽ നടന്ന ജില്ലാ തല റിപ്പബ്ലിക് ദിനാഘോഷ ചടങ്ങിൽ ദേശീയ പതാക ഉയർത്തി റിപ്പബ്ലിക് ദിന സന്ദേശം നൽകുകയിരുന്നു മന്ത്രി.

റിപ്പബ്ലിക് ദിനം ഗതകാല അനുഭവങ്ങളെ ഉൾക്കൊണ്ട് ഭാവിക്കായുള്ള ഊർജ്ജം സംഭരിക്കേണ്ട സന്ദർഭമാണ്. ഭരണഘടനയിലെ ഓരോ ആർട്ടിക്കിളുകൾക്കും അർത്ഥമുണ്ടാകുന്നത് അവ ജനജീവിതത്തിൽ പ്രാവർത്തികമാകുമ്പോഴാണ്. ലോകത്തിലെ ഏറ്റവും മികച്ച ഭരണഘടനയാണെങ്കിലും അത് പ്രയോഗത്തിൽ വരുത്തുന്നവർ മോശമായാൽ ഭരണഘടനയും മോശമായി മാറുമെന്ന ഡോ. ബി.ആർ. അംബേദ്കറുടെ വാക്കുകളെ മന്ത്രി അനുസ്മരിച്ചു.

'നിങ്ങൾ ഓരോ തീരുമാനമെടുക്കുമ്പോഴും ഏറ്റവും ദരിദ്രനായ മനുഷ്യന്റെ മുഖം മനസ്സിലേക്ക് കൊണ്ടുവരണം, ആ തീരുമാനം അവരുടെ ജീവിതത്തിൽ എങ്ങനെ പ്രതിഫലിക്കുന്നു



എന്ന് നോക്കണം' എന്ന ഉപദേശം ഭരണഘടനാ അസംബ്ലിയിൽ അംഗമായ വേളയിൽ ജവഹർലാൽ നെഹ്റുവിന് ഗാന്ധിജി കൊടുക്കുകയുണ്ടായി. ഗാന്ധിജിയുടെ ഈ കാഴ്ചപ്പാടാണ് കേരളത്തിന്റെ വികസന മാതൃകകൾക്ക് അടിസ്ഥാനം. കേരളത്തെ അതിദാരിദ്ര്യ മുക്തമാക്കിയതും എല്ലാവർക്കും വീട് ഉറപ്പാക്കുന്ന ലൈഫ് പദ്ധതിയും ഈ ലക്ഷ്യത്തിലേക്കുള്ള പ്രധാന ചുവടുവെപ്പുകളാണ്.

അധികാരം വ്യക്തികളിലല്ല, ജനങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നത് എന്ന കാഴ്ചപ്പാടാണ് കേരള നിയമസഭ പാസാക്കിയ സേവന അവകാശ നിയമത്തിന് പിന്നിലുള്ളത്. ഓരോ പൗരനും സേവനം ഉറപ്പുവരുത്താനും അത് നിഷേധിക്കുന്ന ഉദ്യോഗസ്ഥരെ ശിക്ഷിക്കാനും അധികാരം നൽകുന്നതിലൂടെ യഥാർത്ഥ അധികാരം ജനങ്ങളിലേക്ക് എത്തുന്നു. അനുഭവങ്ങളിൽ നിന്ന് പാഠമുൾക്കൊണ്ട് രാജ്യത്തെ മുന്നോട്ട് നയിക്കാനും ജനങ്ങളെ കൂടുതൽ അധികാരങ്ങളിലേക്ക് ചേർത്തുനിർത്താനും ഓരോരുത്തർക്കും കഴിയണമെന്നും അദ്ദേഹം പറഞ്ഞു.

പരിപാടിയിൽ രാജ്യസഭാംഗം ജെബി മേത്തർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാധാകൃഷ്ണൻ, ജില്ലാ കളക്ടർ ജി പ്രിയങ്ക, ജില്ലാ പോലീസ് മേധാവി കാളിരാജ് മഹേഷ് കുമാർ, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് വിനോദ് രാജ് തുടങ്ങിയവർ പങ്കെടുത്തു.



# ഫോർട്ട് കൊച്ചിയിൽ പ്രോന്റോ പ്ലേറ്റ് ലിത്തോഗ്രാഫി വർക്ക്ഷോപ്പുമായി കൊച്ചിമുസിരിസ് ബിനാലെ

**കൊച്ചി:** കലാവാസന ഏറെ ആവശ്യമായ പ്രോന്റോ പ്ലേറ്റ് ലിത്തോഗ്രാഫിയിൽ രണ്ട് ദിവസം നീണ്ടുനിൽക്കുന്ന 'പ്രതിബിംബ്' പരിശീലന കളരിയുമായി കൊച്ചിമുസിരിസ് ബിനാലെ. ഫോർട്ട് കൊച്ചി വാട്ടർ മെട്രോയിലുള്ള എബിസി ആർട്ട് റൂമിൽ ബുധനാഴ്ച ആരംഭിക്കുന്ന ഈ വർക്ക്ഷോപ്പിന് പ്രശസ്ത കലാകാരനും പ്രിന്റ് മേക്കറുമായ ജയസിംഹ ചന്ദ്രശേഖർ നേതൃത്വം നൽകും. താൽപ്പര്യമുള്ളവർക്ക് ഈ പരിപാടിയിൽ സൗജന്യമായി പങ്കെടുക്കാവുന്നതാണ്.

പരമ്പരാഗത ലിത്തോഗ്രാഫിയെന്നാൽ കല്ല് കൊണ്ടുള്ള അച്ചടിയിലാണ്. ഇതിന്റെ ആധുനികവും ലളിതവുമായ വകഭേദമായ പ്രോന്റോ പ്ലേറ്റ് ലിത്തോഗ്രാഫി. പോളിസ്റ്റർ പ്രതലത്തിൽ അക്ഷരങ്ങളും വരകളും തീർത്ത് അച്ചടിച്ച് എടുക്കുകയാണ് ചെയ്യുന്നത്. യന്ത്രസാമഗ്രികളുടെ സഹായമില്ലാതെ എങ്ങനെ മനോഹരമായ പ്രിന്റുകൾ നിർമ്മിക്കാം എന്നതാണ് പരിശീലനകളരിയിലൂടെ പഠിപ്പിക്കുന്നത്.

ബുധനും വ്യാഴവുമായി നടക്കുന്ന പരിപാടിയിൽ ലിത്തോഗ്രാഫിക് അച്ചടിയുടെ അടിസ്ഥാനമായ ഓയിൽ വാട്ടർ രീതിയെക്കുറിച്ചും ഗ്രീസ് അധിഷ്ഠിത ചിത്രരചനാ രീതികളെക്കുറിച്ചും പങ്കെടുക്കുന്നവർക്ക് നേരിട്ട് മനസ്സിലാക്കാൻ സാധിക്കും.

ഭംഗിയ്ക്കപ്പുറത്തേക്ക് ഈ അച്ചടിയുടെ പ്രക്രിയയ്ക്കാണ് വർക്ക്ഷോപ്പ് പ്രാധാന്യം നൽകുന്നത്. പരീക്ഷണങ്ങൾക്കും സർഗ്ഗാത്മകമായ ആവിഷ്കാരങ്ങൾക്കും പറ്റിയ മാധ്യമമാണിത്. ലിത്തോഗ്രാഫി പ്ലേറ്റ് തയ്യാറാക്കൽ, ചിത്രമൊരുക്കൽ, മഷി പുരട്ടൽ, ഹാൻഡ് പ്രിന്റിംഗ് സാങ്കേതിക വിദ്യകൾ എന്നിവയിൽ വിദഗ്ധ പരിശീലനം ലഭിക്കുന്ന പങ്കാളികൾക്ക് പരിശീലനത്തിന്റെ അവസാനം സ്വന്തമായി പ്രിന്റുകൾ തയ്യാറാക്കാനും അവസരമുണ്ടാകും.

രാവിലെ 9.30 മുതൽ 12.30 വരെയും ഉച്ചയ്ക്ക് ശേഷം 3.00 മുതൽ 6.00 വരെയുമാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്. തുടക്കക്കാർക്കും ഈ മേഖലയിലുള്ള കലാകാരന്മാർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ മുൻപരിചയം ആവശ്യമില്ല. താൽപ്പര്യമുള്ളവർക്ക് ഓൺലൈൻ ഫോം വഴി മുൻകൂട്ടി രജിസ്റ്റർ ചെയ്യാവുന്നതാണ്.



# ദക്ഷിണേഷ്യയിലെ മെഡ്ടെക്–ലൈഫ് സയൻസ് കേന്ദ്രമായി കേരളം മാറുമെന്ന് മന്ത്രി പി. രാജീവ്

**കൊച്ചി:** മെഡിക്കൽ ഉപകരണങ്ങൾ, ഡയഗ്നോസ്റ്റിക്സ്, ലൈഫ് സയൻസ് നിർമാണ മേഖലകളിൽ കേരളം ദക്ഷിണേഷ്യയിൽ അതിവേഗം മുൻനിരയിലെത്തുക എന്നതു സംസ്ഥാന സർക്കാരിന്റെ ലക്ഷ്യമാണെന്ന് മന്ത്രി പി. രാജീവ്.

നെടുമ്പാശേരി താജ് എയർപോർട്ട് ഇന്റർനാഷണൽ ഹോട്ടലിൽ സംസ്ഥാന വ്യവസായ വകുപ്പ്, അഗാപ്പെ ഡയഗ്നോസ്റ്റിക്സ് ലിമിറ്റഡുമായി ചേർന്നു സംഘടിപ്പിച്ച ഇൻവിട്രോ ഡയഗ്നോസ്റ്റിക്സ്, മെഡിക്കൽ ടെക്നോളജി മേഖലകളിൽ നിക്ഷേപസൗകര്യമൊരുക്കാനുള്ള അന്താരാഷ്ട്ര പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മന്ത്രി. അഗാപ്പെയുടെ 30ാം വാർഷികാഘോഷങ്ങളുടെ ഭാഗമായാണു സമ്മേളനം സംഘടിപ്പിച്ചത്.

ജപ്പാൻ, അമേരിക്ക, ചൈന ഉൾപ്പെടെയുള്ള രാജ്യങ്ങളിൽനിന്നുള്ള മെഡ്ടെക്, ഡയഗ്നോസ്റ്റിക്സ് കമ്പനികളുടെ പ്രതിനിധികൾ, നിക്ഷേപ ഉപദേശകർ, ഇന്ത്യൻ നിർമാതാക്കൾ, ആരോഗ്യ സേവനദാതാക്കൾ, ഗവേഷണസ്ഥാപനങ്ങൾ, നയരൂപീകരണ വിദഗ്ധർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

അഡീഷണൽ ചീഫ് സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് കോർപറേഷൻ ചെയർമാൻ സി. ബാലഗോപാൽ, അഗാപ്പെ ഡയഗ്നോസ്റ്റിക്സ് മാനേജിംഗ് ഡയറക്ടർ തോമസ് ജോൺ, ചെയർമാൻ ജോസഫ് ജോൺ തുടങ്ങിയവരും പങ്കെടുത്തു.

## ഇന്ത്യയിൽ പുതിയ എക്കോ ഷോ സ്മാർട്ട് ഡിസ്പ്ലേകൾ അവതരിപ്പിച്ച് ആമസോൺ

**കൊച്ചി:** ആമസോൺ ഇന്ത്യയിൽ അലക്സയോടുകൂടിയ പുതിയ എക്കോ ഷോ 11യും നാലാം തലമുറ എക്കോ ഷോ 8 സ്മാർട്ട് ഡിസ്പ്ലേകളും അവതരിപ്പിച്ചു. ഓംനിസെൻസ് സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കിയുള്ള ഈ ഉപകരണങ്ങൾ ചലനം, സാന്നിധ്യം, താപനില കണ്ടെത്തൽ എന്നിവ ഉപയോഗിച്ച് ഓട്ടോമേറ്റഡ് സ്മാർട്ട് ഹോം റൂട്ടീനുകൾ സാധ്യമാക്കുന്നു. മുൻവശത്തേക്ക് ശബ്ദം പുറപ്പെടുവിക്കുന്ന സ്റ്റീരിയോ സ്പീക്കറുകളും കസ്റ്റം വൂഫറുകളും ഉൾപ്പെടുത്തിയ പുതിയ ഓഡിയോ ആർക്കിടെക്ചർ മികച്ച ശബ്ദാനുഭവം നൽകുന്നു. എക്കോ ഷോ

11യ്ക്ക് 11 ഇഞ്ച് ഫുൾ എച്ച്ഡി ഡിസ്പ്ലേയും എക്കോ ഷോ 8യ്ക്ക് 8.7 ഇഞ്ച് എച്ച്ഡി സ്ക്രീനും ലഭ്യമാണ്. സ്ലീക് എഡ്ജ്ടുഎഡ്ജ് ഗ്ലാസ് ഡിസൈനോടെ എത്തുന്ന ഉപകരണങ്ങൾ യഥാക്രമം 26,999നും 23,999നും ലഭ്യമാണ്.

## കേരള ബാങ്ക് പുതിയ ബോർഡ് ഓഫ് മാനേജ്മെൻറ് രൂപീകരിച്ചു

**തിരുവനന്തപുരം:** റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാർഗനിർദേശങ്ങൾക്കും കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ (കേരള ബാങ്ക്) ബൈലോയ്ക്കും വിധേയമായി കേരള ബാങ്ക് പുതിയ ബോർഡ് ഓഫ് മാനേജ്മെന്റ് രൂപീകരിച്ചു.

മുൻ റിസർവ് ബാങ്ക് ഉദ്യോഗസ്ഥനായ വി. രവീന്ദ്രൻ ചെയർമാനായ ബോർഡ് ഓഫ് മാനേജ്മെന്റിൽ ഭരണസമിതിയിൽനിന്ന് പ്രസിഡൻറ് പി. മോഹനൻ, വൈസ് പ്രസിഡൻറ് ടി.വി. രാജേഷ്, പി. ഗഗാറിൻ, എ.അധിൻ, അഡ്വ. ജോസ് ടോം, അഡ്വ. ശ്രീജ ഷൈജുദേവ് എന്നിവരും വിവിധ മേഖലകളിലെ വിദഗ്ധരായ ഡോ. ജിജു പി. അലക്സ്, ബി.പി. പിള്ള, അഡ്വ.വി.കെ. പ്രസാദ്, കെ.സി. സഹദേവൻ, ബൈജു എൻ. കുറുപ്പ് എന്നിവരും ബാങ്കിൻറെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജോർട്ടി എം. ചാക്കോയും അംഗങ്ങളാണ്.

## ഇടിമണ്ണിക്കൽ ഗോൾഡ് ആൻഡ് ഡയമണ്ട്സിൽ കല്യാണമേളം ഡിസ്കൗണ്ട് ഓഫർ

**ചങ്ങനാശേരി:** ഇടിമണ്ണിക്കൽ ഗോൾഡ് ആൻഡ് ഡയമണ്ട്സിൽ കല്യാണമേളം ഡിസ്കൗണ്ട് ഓഫർ 31 വരെ. ഡയമണ്ട് കാരറ്റിനു 15000 രൂപ കിഴിവും സ്വർണാഭരണങ്ങൾക്കു പണിക്കൂലിയിൽ 50 ശതമാനം വരെ ഡിസ്കൗണ്ടും ഓഫറിൽ ലഭിക്കും. മാലകൾ, കമ്മലുകൾ, നെക്ക്ളെസുകൾ, ഫ്ളവർ ബാംഗിൽ, ഫ്ളെക്സിൾ ബാംഗിൾ എന്നിവയുടെ പുതിയ കളക്ഷനുകളും ഒന്നു മുതൽ നാലു പവൻ വരെയുള്ള എക്സ്ക്ലൂസീവ് വെഡിംഗ് സെറ്റും റോസ് ഗോൾഡ്, ചെട്ടിനാട്, കേരള ട്രഡീഷണൽ, ആൻറിക്, റോയൽ ആൻറിക് തുടങ്ങിയവയുടെ പുതിയ കളക്ഷൻസും എത്തിയിട്ടുണ്ട്.

ലൈറ്റ് വെയിറ്റ് വെഡിംഗ് കളക്ഷനുകളായ ടർക്കിഷ്, ഇറ്റാലിയൻ തുടങ്ങി ലോകോത്തര ഡിസൈനുകളും പുതിയ ട്രെൻഡുകളും ഒരു ലക്ഷം രൂപ വിലവരുന്ന ഡയമണ്ട് വെഡിംഗ് സെറ്റും ലഭ്യമാണ്. കൊച്ചി എംജി റോഡിൽ ജ്വല്ലറിയുടെ പുതിയ ഷോറും ഉടൻ പ്രവർത്തനം ആരംഭിക്കുമെന്ന് മാനേജിംഗ് പാട്ണർ സണ്ണി തോമസ് പറഞ്ഞു.

## സിയാൽ ഇൻറർനാഷണൽ കാർഗോ ബിസിനസ് സമ്മിറ്റ് 31 മുതൽ

**നെടുമ്പാശേരി:** കൊച്ചിൻ ഇൻറർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ) ഫിക്കിയുമായി സഹകരിച്ച് രാജ്യാന്തര കാർഗോ ബിസിനസ് സമ്മിറ്റ് സംഘടിപ്പിക്കുന്നു. സിയാലിനെ ആഗോള എയർ കാർഗോ ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെയാണ് സമ്മിറ്റ് സംഘടിപ്പിക്കുന്നത്.

31, ഫെബ്രുവരി ഒന്ന് തീയതികളിൽ സിയാൽ കൺവൻഷൻ സെൻററിൽ നടക്കുന്ന സമ്മിറ്റിൽ വാണിജ്യ കൂടിക്കാഴ്ചകൾ, എക്സിബിഷൻ, പാനൽ ചർച്ചകൾ എന്നിവ നടക്കും. 31ന് രാവിലെ 9.30 ന് സമ്മിറ്റിനു തുടക്കമാകും. തുടർന്ന് വിവിധ വിഷയങ്ങളിൽ പാനൽ ചർച്ചകൾ.

ഫെബ്രുവരി ഒന്നിന് രാവിലെ 11.30 ന് നടക്കുന്ന പ്ലീനറി സെഷൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സിയാൽ എംഡി എസ്. സുഹാസ്, മന്ത്രി പി. രാജീവ് എന്നിവർ പങ്കെടുക്കും. കാർഗോരംഗത്തെ മികച്ച കമ്പനികളെ ചടങ്ങിൽ പുരസ്കാരം നൽകി ആദരിക്കും.

എയർലൈൻസ്, ഫ്രെയ്റ്റ് ഫോർവേഡേഴ്സ്, കസ്റ്റംസ് ബ്രോക്കേഴ്സ്, കയറ്റുമതി, ഇറക്കുമതി, കാർഗോ ഓട്ടമേഷൻ സപ്ലയർമാർ, ലോജിസ്റ്റിക്സ് സ്കിൽ ഡെവലപ്മെന്റ് സ്ഥാപനങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾ എന്നീ മേഖലകളിൽനിന്നുള്ള 54 എക്സിബിഷൻ സ്റ്റാളുകളുമുണ്ടാകും. ബിസിനസ് സമ്മിറ്റിൽ പങ്കെടുക്കുന്നതിനായി മുൻകൂട്ടി 9746903555 എന്ന ഫോൺനമ്പറിൽ രജിസ്റ്റർ ചെയ്യണം.




# കൈത്തറി സൗഹൃദ വാഷിങ് മെഷീനുകളുമായി ഗോദ്റേജ്

**കൊച്ചി:** റിപബ്ലിക് ദിനത്തിൽ ഇന്ത്യയിലെ കാലാതീതമായ കൈത്തറിയുടെ പാരമ്പര്യത്തിനു പുതുമയേകുന്ന ഒരു ചുവടുവെപ്പുമായി ഗോദ്റെജ് എന്റർ പ്രൈസസ് ഗ്രൂപ്പിന്റെ അപ്ലയൻസസ് ബിസിനസ് 'ടെസ്റ്റഡ് ഫോർ ഹാൻഡ്‌ലൂംസ്'. കൈത്തറി സൗഹൃദ ഫ്രണ്ട് ലോഡ് വാഷിങ് മെഷീൻ സാങ്കേതികവിദ്യയുമായി കൈത്തറി തുണികളുടെ പരിചരണം ബുദ്ധിമുട്ടില്ലാത്തതാക്കുകയും ഇന്ത്യക്കാരെ കൈത്തറി തുണികൾ കൂടുതലായി ഉപയോഗിക്കാൻ പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നതാണ് ഈ നീക്കം. കൈത്തറി വസ്ത്രങ്ങൾ പതിവായി ധരിക്കാനും അതിന്റെ പരിചരണം എളുപ്പമാക്കാനും സാധിക്കുന്ന വിധത്തിൽ എഐ ശക്തിയോടു കൂടിയ അത്യാധുനിക ഫ്രണ്ട് ലോഡ് വാഷിങ് മെഷീനാണ് ഗോദ്റെജ് അവതരിപ്പിക്കുന്നത്. ബനാറസി സിൽക്ക് മുതൽ പട്ടോള സിൽക്കും പോച്ചംപള്ളി ഇക്കത്തും ജംദാനിയും വരെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഇരുപത്തിയഞ്ച് കൈത്തറികളാണ് ഈ മെഷീനിൽ വിജയകരമായി പരീക്ഷിച്ചത്.

# കോസ്റ്റ് ആന്റ് മാനേജ്മെന്റ് അക്കൗണ്ടൻസി ഇന്ത്യയിലും വിദേശത്തും സംരംഭങ്ങൾക്ക് വിജയത്തിലേക്കുള്ള വഴികാട്ടി: സജി ഡാനിയേൽ

**കൊച്ചി:** ഇന്ത്യയിലും വിദേശത്തുമുള്ള സംരംഭങ്ങൾക്ക് വിജയത്തിലേക്ക് വഴികാട്ടിയാകുന്നതിനായി കോസ്റ്റ് ആന്റ് മാനേജ്മെന്റ് അക്കൗണ്ടൻസി പ്രധാന പങ്ക് വഹിക്കുന്നതായി കൊച്ചി ഇന്റർനാഷണൽ എയർപോർ സിഎഫ് ഒ സജി ഡാനിയേൽ അഭിപ്രായപ്പെട്ടു. ഐ സി എം എ ഐ കൊച്ചി ചാപ്റ്ററും എറണാകുളം സെന്റ് തെരേസാസ് കോളജ് കൊമേഴ്സ് വിഭാഗവും സംയുക്തമായി സംഘടിപ്പിച്ച കോസ്റ്റ് ആന്റ് മാനേജ്മെന്റ് ഫെസ്റ്റ് പ്രഗതി 2026 ഉദ്ഘാടനം ചെയ്യുകയായിരുന്നുഅദ്ദേഹം.

പ്രഗതി കേരളത്തിലും കേരളത്തിനുപുറത്തുമുള്ള വിവിധ മാനേജ്മെന്റ് അക്കൗണ്ടൻസി ചാപ്റ്ററുകളിലെ വിദ്യാർഥികളും കേരളത്തിനകത്തു നിന്ന് വിവിധ കോളജുകളെ പ്രതിനിധികരിച്ചുള്ള വിദ്യാർഥികളും പങ്കെടുക്കുന്ന വാർഷിക മാനേജ്മെന്റ് ഫെസ്റ്റാണ്. പ്രധാനമായും സ്റ്റോക്ക് മാർക്കറ്റ് സിമുലേഷൻ, ബിസിനസ് ക്വിസ്, മാനേജ്മെന്റ് ടീം, കാപ്ചുറ, ഡാൻസ്, കോർപറേറ്റ് വാക്ക് തുടങ്ങിയ ഇനങ്ങളിലാണ് മത്സരങ്ങൾ സംഘടിപ്പിക്കപ്പെടുന്നു.

ഈ വർഷം കേരളത്തിനകത്തു നിന്നും കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്നുമുള്ള ചാപ്റ്ററുകൾ, കേരളത്തിനകത്തുള്ള കൊച്ചി, തിരുവനന്തപുരം, കോട്ടയം, പാലക്കാട്, തൃശൂർ, കോഴിക്കോട്മലപ്പുറം ചാപ്റ്ററുകളും വിവിധ മത്സര ഇനങ്ങളിൽ പങ്കെടുത്തു. തൃശൂർ ചാപ്റ്ററും കോഴിക്കോട് മലപ്പുറം ചാപ്റ്ററും മത്സരങ്ങളിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് പട്ടം പങ്കിട്ടു.

ഐ സി എം എ ഐ കൊച്ചി ചാപ്റ്റർ ചെയർപേഴ്സൺ രഞ്ജിനി ആർ, വൈസ് ചെയർപേഴ്സൺ ജോർജ് പി മാത്യു, എസ് ഐ ആർ സി, ഐ സി എം എ ഐ പി ഡി കമ്മിറ്റി ചെയർമാൻ പ്രവീൺ കുമാർ, കേരള ബുക്സ് മിറ പബ്ലിക്കേഷൻസ് സൊസൈറ്റി മാനേജിങ് ഡയറക്രോർ ശ്രീ സുനിൽ ചാക്കോ, സെന്റ് തെരേസാസ് ഡയറക്ടർ റവ. സിസ്റ്റർ ഫ്രാൻസിസ് ആൻ, പ്രിൻസിപ്പൽ ഡോ. അനു ജോസഫ്, എന്നിവർ സംസാരിച്ചു.

# മികച്ച നേട്ടം രേഖപ്പെടുത്തി ഡാൽമിയ ഭാരത് ലിമിറ്റഡ്

**കൊച്ചി:** ഡാൽമിയ ഭാരത് ലിമിറ്റഡ് 2025 ഡിസംബറിൽ അവസാനിച്ച മൂന്നാം പാദത്തിൽ മികച്ച സാമ്പത്തിക നേട്ടം കൈവരിച്ചു. മുൻവർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് കമ്പനിയുടെ അറ്റാദായം 93.9% വർധിച്ച് 128 കോടി രൂപയായി ഉയർന്നു. പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം

10.2 % വർധനയോടെ 3,506 കോടി രൂപയിലെത്തി. സിമന്റ് വിൽപ്പനയിൽ 9.5 ശതമാനം വാർഷിക വളർച്ച രേഖപ്പെടുത്തിയ കമ്പനി, ഈ പാദത്തിൽ 7.3 ദശലക്ഷം ടൺ വിൽപ്പന നടത്തി. കമ്പനിയുടെ ഇബിഐടിഡിഎ 17.8% ശതമാനം വർധിച്ച് 602 കോടി രൂപയായി.

അസംഘടിത വിപണികളിലെ സാന്നിധ്യം ശക്തമാക്കുന്നതിന്റെ ഭാഗമായി അസമിലെ ഉമ്രംഗ്സോയിലുള്ള 3.6 ദശലക്ഷം ടൺ ശേഷിയുള്ള പുതിയ ക്ലിങ്കർ ലൈനിൽ ജനുവരി 20ന് വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനം ആരംഭിച്ചു.

ഇതോടെ കമ്പനിയുടെ ആകെ ക്ലിങ്കർ ഉത്പാദന ശേഷി 27.1 ദശലക്ഷം ടണ്ണായി ഉയർന്നു.

## ഫോൺപേ ലിമിറ്റഡ് ഐപിഒയ്ക്ക് യുഡിആർഎച്ച്പിക സമർപ്പിച്ചു

**കൊച്ചി:** ഫോൺപേ ലിമിറ്റഡ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പുതുക്കിയ പ്രാഥമിക രേഖ (യുഡിആർഎച്ച്പിക) സമർപ്പിച്ചു. പേയ്മെന്റ് സേവനദാതാക്കൾ, ഡിജിറ്റൽ വിതരണ സേവന സ്ഥാപനങ്ങൾ, സാമ്പത്തിക സേവനദാതാക്കൾ എന്നിവയ്ക്കായി ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ നിർമ്മിക്കുന്ന ടെക്നോളജി കമ്പനി നിലവിലുള്ള ഓഹരിയുടമകളുടെ 50,660,446 ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, ജെപി മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, സിറ്റിഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, മോർഗൻ സ്റ്റാൻലി ഇന്ത്യ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഗോൾഡ്മാൻ സാക്സ് (ഇന്ത്യ) സെക്യൂരിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## സാംസങ് ഫിറ്റ് ഇന്ത്യ റിപ്പബ്ലിക്ക് വാക്ക്എതോൺ ചലഞ്ച്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ കൺസ്യൂമർ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ്, റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്ന ഫിറ്റ് ഇന്ത്യ വാക്ക് എതോൺ'26 എന്ന സ്റ്റെപ്പ് കൗണ്ട് ചലഞ്ച് പ്രഖ്യാപിച്ചു. സാംസങ് ഹെൽത്ത് ആപ്പിലൂടെയാണ് മത്സരം നടക്കുന്നത്.

രജിസ്ട്രേഷൻ ആരംഭിച്ചു. ചലഞ്ച് ജനുവരി 26 മുതൽ ഫെബ്രുവരി 24 വരെ നീളും. 30 ദിവസത്തിനുള്ളിൽ 2 ലക്ഷം ചുവടുകൾ പൂർത്തിയാക്കുന്നവർക്ക് സമ്മാനങ്ങൾക്ക് അർഹത ലഭിക്കും. പങ്കെടുക്കുന്നവർക്ക് സാംസങ് ഹെൽത്ത് ആപ്പിൽ ചുവടുകൾ ട്രാക്ക് ചെയ്യാനും ലീഡർബോർഡിലൂടെ പ്രകടനം പരിശോധിക്കാനും കഴിയും. ലക്ഷ്യം പൂർത്തിയാക്കുന്നവർ സാംസങ് മെമ്പേഴ്സ് ആപ്പിലെ ബെനിഫിറ്റ്സ് വിഭാഗത്തിൽ ലഭിക്കുന്ന സ്ക്രാച്ച് കാർഡിലൂടെ ഭാഗ്യഡ്രോയിൽ പങ്കെടുക്കാം.

ഭാഗ്യഡ്രോയിൽ മൂന്ന് പേർക്ക് 10,000 രൂപയുടെ അമസോൺ ഗിഫ്റ്റ് കാർഡും, 1,000 പേർക്ക് 500 രൂപയുടെ അമസോൺ ഗിഫ്റ്റ് കാർഡും ലഭിക്കും.

ദൈനംദിന ശാരീരിക പ്രവർത്തനങ്ങളിലൂടെ ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കാനുള്ള സാംസങിന്റെ തുടർച്ചയായ ശ്രമങ്ങളുടെ ഭാഗമാണ് ഈ പദ്ധതി.

## റോട്ടറി ഇന്റർനാഷണൽ ഡിസ്ട്രിക്ട് 3205 പ്രഥമ സമ്മേളനം ഫെബ്രുവരിയിൽ

**കൊച്ചി:** റോട്ടറി ഇന്റർനാഷണൽ ഡിസ്ട്രിക്ട് 3205ന്റെ പ്രഥമ സമ്മേളനം 'റിനൈസൻസ് 2026' ഫെബ്രുവരി 21, 22 തിയ്യതികളിൽ നെടുമ്പാശ്ശേരി സിയാൽ കൺവെൻഷൻ സെന്ററിൽ നടക്കും. എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകൾ ചേരുന്നതാണ് റോട്ടറി ഡിസ്ട്രിക്ട് 3205. രണ്ട് ദിവസങ്ങളിലായി നടക്കുന്ന റിനൈസൻസ് 2026ൽ ആരോഗ്യം, ബിസിനസ്, വിദ്യാഭ്യാസം, മാധ്യമം, സിനിമ, സാമൂഹിക നേതൃത്വം തുടങ്ങിയ മേഖലകളിൽ നിന്നുള്ള പ്രമുഖ പ്രഭാഷകർ പങ്കെടുക്കും. മാധ്യമ രംഗത്തെയും സിനിമ മേഖലയിലെയും ശ്രദ്ധേയ വ്യക്തിത്വങ്ങൾ വേദിയിലെത്തുമെന്ന് സംഘാടകർ അറിയിച്ചു. സമ്മേളനത്തിന്റെ ഭാഗമായി സാംസ്കാരിക പരിപാടികൾ, സംഗീത വിനോദപരിപാടികൾ, ഫെല്ലോഷിപ്പ് നൈറ്റുകൾ എന്നിവ അരങ്ങേറും.

റോട്ടറി അംഗങ്ങൾക്ക് പുറമേ പൊതുജനങ്ങൾക്കും സംരംഭകർക്കും പ്രൊഫഷണലുകൾക്കും സമ്മേളനത്തിൽ രജിസ്റ്റർ ചെയ്ത് പങ്കെടുക്കാമെന്നും പഠനത്തിനും നെറ്റ്വർക്കിംഗിനും ബിസിനസ് അവസരങ്ങൾക്കും ഒരേ വേദിയിൽ അവസരം ഒരുക്കുകയാണ് റിനൈസൻസ് 2026 എന്നും റിനൈസൻസ് 2026 ചെയർമാൻ ടി എസ് ജയരാജ് അറിയിച്ചു:കോൺഫറൻസിൽ ബിസിനസ് സ്റ്റാളുകൾ, പരസ്യാവസരങ്ങൾ, സ്പോൺസർഷിപ്പ് പാക്കേജുകൾ എന്നിവയും ഒരുക്കിയിട്ടുണ്ടെന്നും കോർപ്പറേറ്റുകൾക്കും ബ്രാൻഡുകൾക്കും മികച്ച ദൃശ്യപ്രചാരം ലഭിക്കുമെന്നും സംഘാടകർ അറിയിച്ചു.

## വർമ്മ ഹോംസ് സെലിബ്രേഷൻ ഓഫ് ലെഗസി 2026 ജനുവരി 29 ന് കൊച്ചിയിൽ

**കൊച്ചി:** കേരളത്തിലെ പ്രമുഖ ബിൽഡറായ വർമ്മ ഹോംസ്, സെലിബ്രേഷൻ ഓഫ് ലെഗസി എന്ന പേരിൽ കൊച്ചിയിൽ സംഘടിപ്പിക്കുന്ന വാർഷികാഘോഷത്തോടനുബന്ധിച്ച് 5 പ്രൊജക്ടുകൾ ഹാൻഡോവർ ചെയ്യുന്നതിനൊപ്പം പുതിയ 4 പ്രൊജക്ടുകൾ കൂടി അവതരിപ്പിക്കുന്നു. 9 വർഷം കൊണ്ട് 30 പ്രൊജക്ടുകളോടെ കേരളത്തിലെ മോസ്റ്റ് ട്രസ്റ്റഡ് ബിൽഡറെന്ന സ്ഥാനത്തേക്ക് എത്താൻ വർമ്മ ഹോംസിനായത് തങ്ങളിലുള്ള ഉപഭോക്താക്കളുടെ വിശ്വാസവും പിന്തുണയും കൊണ്ടാണെന്ന് കമ്പനി മാനേജിംഗ് ഡയറക്ടർ ശ്രീ. കെ അനിൽ വർമ്മ അറിയിച്ചു.

കൊച്ചിയിൽ നടക്കുന്ന ഈ ആഘോഷപരിപാടിയിൽ പ്രശസ്ത പിന്നണി ഗായിക പത്മഭൂഷൺ കെ. എസ് ചിത്രയാണ് മുഖ്യാതിഥി, പത്മഭൂഷൺ ഡോ. ജോസ് ചാക്കോ പെരിയപ്പുറം, പത്മശ്രീ ആർക്കിടെക്ട് ജി. ശങ്കർ, റോട്ടറി ഡിസ്ട്രിക് ഗവർണർ 3205, ഡോ. ജി.എൻ രമേശ് എന്നിവരും വിശിഷ്ടാതിഥികളായി പങ്കെടുക്കുന്നതാണ്.

# മിൽക്കി മിസ്റ്റ് വൻകിട ഡയറി പദ്ധതികൾക്കായുള്ള ധാരണാ പത്രം ഒപ്പു വെച്ചു

**കൊച്ചി:** രാജ്യത്തെ മുൻനിര മൂല്യവർധിത ഡയറി സ്ഥാപനമായ മിൽക്കി മിസ്റ്റ് വൻകിട പാൽ സംസ്ക്കരണ യൂണിറ്റുകളും ഡയറി ഉൽപന്ന നിർമാണ കേന്ദ്രങ്ങളും ആരംഭിക്കുന്നതിനായി മഹാരാഷ്ട്രാ സർക്കാരുമായി ധാരണാ പത്രം ഒപ്പു വെച്ചു.

ദാവോസിൽ നടക്കുന്ന വേൾഡ് ഇകണോമിക് ഫോറം വാർഷിക യോഗത്തിൽ വെച്ചാണ് മഹാരാഷ്ട്രാ മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസിന്റെ സാന്നിധ്യത്തിൽ ഈ ധാരണാ പത്രം ഒപ്പു വെച്ചത്. മിൽക്കി മിസ്റ്റ് സി.ഇ.ഒ ഡോ. കെ. രത്നം കരാറിൽ ഒപ്പുവെച്ചു. ദക്ഷിണേന്ത്യയ്ക്ക് പുറത്തേക്ക് കമ്പനിയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനുള്ള പദ്ധതികളിലെ സുപ്രധാനമായ ഒരു ചുവടുവെപ്പാണിത്.

ധാരണാപത്രം പ്രകാരം, മിൽക്കി മിസ്റ്റ് പ്രതിദിനം 10 ലക്ഷം ലിറ്റർപാൽ സംസ്കരണ ശേഷിയുള്ള ഒരു പ്ലാന്റ് സ്ഥാപിക്കും. ഇത് പിന്നീട് 25 ലക്ഷം ലിറ്റർ വരെയായി ഉയർത്താൻ സാധിക്കുന്നതാണ്. പനീർ, യോഗർട്ട്, തൈര്, മൊസറെല്ല ചീസ്, ഐസ്ക്രീം, ബട്ടർ, നെയ്യ് തുടങ്ങി വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ ഇവിടെ ഉത്പാദിപ്പിക്കും. എംഐഡിസി അനുവദിച്ച 1,94,866 ചതുരശ്ര മീറ്റർ ഭൂമിയിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 800 പേർക്ക് നേരിട്ടു തൊഴിൽ ലഭ്യമാക്കുന്ന ഈ പദ്ധതിയുടെ ആകെ നിക്ഷേപം 1,130 കോടി രൂപയായിരിക്കും.

രാജ്യത്തെ ഡയറി മൂല്യശൃംഖല ശക്തിപ്പെടുത്തുന്നതിനൊപ്പം കർഷകർക്കും സമൂഹത്തിനും സുസ്ഥിരമായ സാമ്പത്തിക അവസരങ്ങൾ സൃഷ്ടിക്കുന്നതിലുമുള്ള തങ്ങളുടെ ദീർഘകാല പ്രതിബദ്ധതയുടെ ഭാഗമായാണ് ഈ ധാരണാപത്രം. മഹാരാഷ്ട്രയുടെ പുരോഗമനപരമായ നയങ്ങളും ശക്തമായ അടിസ്ഥാന സൗകര്യങ്ങളും മികച്ച പാൽ ഉൽപ്പാദന മേഖലകളും തങ്ങളുടെ വളർച്ചയുടെ അടുത്ത ഘട്ടത്തിന് അനുയോജ്യമായ പങ്കാളിയാക്കി മാറ്റുന്നുവെന്ന് ഡോ. കെ. രത്നം പറഞ്ഞു.

# ആക്സിസ് ബാങ്കിന് 6490 കോടി രൂപയുടെ അറ്റാദായം

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ സ്വകാര്യ മേഖലായ ബാങ്കുകളിൽ ഒന്നായ ആക്സിസ് ബാങ്ക് നടപ്പു സാമ്പത്തിക വർഷത്തിന്റെ മൂന്നാം ത്രൈമാസത്തിൽ 6490 കോടി രൂപ അറ്റാദായത്തോടെ പ്രവർത്തനഫലങ്ങൾ പ്രഖ്യാപിച്ചു. ബാങ്കിന്റെ അറ്റ പലിശ വരുമാനം വാർഷികാടിസ്ഥാനത്തിൽ അഞ്ചു ശതമാനവും ത്രൈമാസാടിസ്ഥാനത്തിൽ നാലു ശതമാനവും വളർച്ചയോടെ 14,287 കോടി രൂപ എന്ന നിലയിലെത്തി. അറ്റ പലിശ മാർജിൻ മൂന്നാം ത്രൈമാസത്തിൽ 3.64 ശതമാനമാണ്.

ത്രൈമാസ ശരാശരി ബാലൻസ് അടിസ്ഥാനത്തിൽ ആകെ നിക്ഷേപം ത്രൈമാസാടിസ്ഥാനത്തിൽ അഞ്ചു ശതമാനവും വാർഷികാടിസ്ഥാനത്തിൽ 12 ശതമാനവും വർധിച്ചിട്ടുണ്ട്.

# മോട്ടോറോള സിഗ്നേച്ചർ അവതരിപ്പിച്ചു

**കൊച്ചി:** മോട്ടോറോള, അൾട്രാപ്രീമിയം ഫ്ളാഗ്ഷിപ്പ് സ്മാർട്ട് ഫോണായ മോട്ടോറോള സിഗ്നേച്ചർ പുറത്തിറക്കി. ലോകത്തിലെ ഏക ട്രിപ്പിൾ സോണി ലിറ്റിയ പ്രോഗ്രേഡ് ക്യാമറ സിസ്റ്റമാണ് ഇതിലുള്ളത്. 3X ഒപ്റ്റിക്കൽ സൂം, ഒഐഎസ്,



50എംപി സോണി ലിറ്റിയ 600 പെരിസ്കോപ്പ് ക്യാമറ, 50എംപി അൾട്രാവൈഡ് പ്ലസ് മാക്രോ വിഷൻ ക്യാമറ, 50എംപി സോണി ലിറ്റിയ 500 ഫ്രണ്ട് ക്യാമറ, 50എംപി സെൻസർ, ഡോൾബി വിഷൻ വീഡിയോ റെക്കോർഡിംഗ്, ക്വാഡ് പിക്സൽ സാങ്കേതികവിദ്യ, അഡ്വാൻസ്ഡ് നോയ്സ് റിഡക്ഷൻ, 3.5 ഡിഗ്രി ഒപ്റ്റിക്കൽ ഇമേജ് സ്റ്റെബിലൈസേഷൻ, മൾട്ടിസ്പെക്ട്രൽ 3ഇൻ1 ലൈറ്റ് സെൻസർ എന്നിവയാണ് മോട്ടോറോള സിഗ്നേച്ചറിന്റെ പ്രത്യേകതകൾ. 54,999 രൂപയാണ് പ്രാരംഭ വില, ഇതോടൊപ്പം മോട്ടോ വാച്ചും മോട്ടോറോള അവതരിപ്പിച്ചു.

മോട്ടോറോള സിഗ്നേച്ചറിന് കരുത്ത് പകരുന്നത് സ്നാപ്ഡ്രാഗൺ 8 ജെൻ 5 മൊബൈൽ പ്ലാറ്റ്ഫോമാണ്. ഒക്ടാകോർ സിപിയു ഫീച്ചർ ചെയ്യുന്ന ചിപ്സെറ്റ് ഗെയിമിംഗ്, മൾട്ടിടാസ്കിംഗ്, കണ്ടന്റ് ക്രിയേഷൻ, ദൈനംദിന ഉപയോഗം എന്നിവയിലുടനീളം അൾട്രാ സ്മൂത്ത് പ്രകടനം ഉറപ്പാക്കുന്നു. ഓരോ മോട്ടോറോള സിഗ്നേച്ചർ ഉപയോക്താവിനും സൗജന്യമായി ഒരു വർഷത്തെ സിഗ്നേച്ചർ ക്ലബ് ആപ്പ് സബ്സ്ക്രിപ്ഷനും ലഭിക്കും.



# മഹീന്ദ്ര ഥാർ റോക്സ് സ്റ്റാർ എഡിഷൻ പുറത്തിറക്കി

**കൊച്ചി:** മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡിന്റെ ഥാർ റോക്സ് ശ്രേണിയിലെ പുത്തൻ പതിപ്പായ ഥാർ റോക്സ് സ്റ്റാർ എഡിഷൻ പുറത്തിറക്കി. ഥാറിന്റെ കരുത്തിനൊപ്പം അകത്തും പുറത്തും അത്യാധുനിക മാറ്റങ്ങളുമായാണ് പുതിയ മോഡൽ എത്തുന്നത്. 16.85 ലക്ഷം രൂപയാണ് പ്രാരംഭ വില. ക്യാബിന് മികച്ച ലുക്ക് നൽകുന്ന പ്രീമിയം ഡാർക്ക് ഫിനിഷിലുള്ള ഓൾബ്ലാക്ക് ലെതർ സീറ്റുകൾ, പിയാനോ ബ്ലാക്ക് ഗ്രിൽ, പിയാനോ ബ്ലാക്ക് അലോയ് വീലുകൾ എന്നിവ പ്രധാന സവിശേഷതകളാണ്. പുതുതായി അവതരിപ്പിച്ച സിട്രൈൻ യെല്ലോ കൂടാതെ ടാംഗോ റെഡ്, എവറസ്റ്റ് വൈറ്റ്, സ്റ്റെൽത്ത് ബ്ലാക്ക് എന്നീ നിറങ്ങളിൽ ഥാർ റോക്സ് സ്റ്റാർ എഡിഷൻ ലഭ്യമാണ്.

26.03 സെന്റിമീറ്റർ എച്ച്ഡി ടച്ച്സ്ക്രീൻ ഇൻഫോടെയ്ൻമെന്റ്, ഹർമൻ കാർഡൺ 9 സ്പീക്കർ ഓഡിയോ സിസ്റ്റം, അലക്സ കണക്റ്റഡ് ഫീച്ചറുകൾ എന്നിവയുണ്ട്. 6 എയർ ബാഗുകൾ, 5സ്റ്റാർ ഭാരത് എൻസിഎപി റേറ്റിങ് ലക്ഷ്യമിട്ടുള്ള സുരക്ഷാ ക്രമീകരണങ്ങൾ, 360ഡിഗ്രി സറൗണ്ട് വ്യൂ ക്യാമറ, ടയർ പ്രഷർ മോണിറ്ററിങ് സിസ്റ്റം എന്നിവ സുരക്ഷ വർധിപ്പിക്കാൻ സഹായിക്കും. മികച്ച പ്രകടനം കാഴ്ചവെക്കുന്ന ജി20 ടിജിഡിഐ എംസ്റ്റാലിയൻ, ഡി22 എംഹോക്ക് എന്നീ എഞ്ചിനുകളും ട്രാൻസ്മിഷൻ ഓപ്ഷനുകളും ഥാർ റോക്സ് സ്റ്റാർ എഡിഷനിലുണ്ട്. ഇതിലെ പെട്രോൾ എഞ്ചിൻ (ജി20) 5000 ആർപിഎമ്മിൽ പരമാവധി 130 കിലോവാട്ട് കരുത്തും 380 എൻഎം ടോർക്കും ഉത്പാദിപ്പിക്കുന്നു. ഡീസൽ എഞ്ചിൻ (ഡി22) 3500 ആർപിഎമ്മിൽ 128.6 കിലോവാട്ട് കരുത്തും 400 എൻഎം ടോർക്കും നൽകും.

ഏത് തരം റോഡുകളിലും സുഗമമായ ഡ്രൈവിങ് അനുഭവം നൽകുന്നതിനായി ഈ മൂന്ന് വേരിയന്റുകളും റിയർ വീൽ ഡ്രൈവ് ഓപ്ഷനിലാണ് വരുന്നത്. ഥാർ റോക്സ് സ്റ്റാർ എഡിഷന്റെ പെട്രോൾ (ജി20) എടി വേരിയന്റിന് 17.85 ലക്ഷം രൂപയും ഡിസൽ (ഡി22 എംടി) വേരിയന്റിന് 16.85 ലക്ഷം രൂപയും എടി വേരിയന്റിന് 18.35 ലക്ഷം രൂപയുമാണ് എക്സ്ഷോറൂം വില. 2024ൽ പുറത്തിറങ്ങിയത് മുതൽ ഇന്ത്യൻ കാർ ഓഫ് ദി ഇയർ 2025 ഉൾപ്പടെ 36 അവാർഡുകൾ നേടിയ ഥാർ റോക്സ്, ഇന്ത്യൻ നിരത്തുകളിലെ ഒരു സ്റ്റൈൽ ഐക്കണായി ഇതിനകം മാറിയിട്ടുണ്ട്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com